## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2900 | 17.10.2016 ൽ മറുപടിയ്ക്ക് |
|---|---|
| **ത്രി ജി അംഗൻവാടികൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.എ.പി. അനിൽ കുമാർ**<br>**,, വി.ടി.ബൽറാം**<br>**,, എൽദോസ് കുന്നപ്പിള്ളി**<br>**,, കെ.എസ്.ശബരീനാഥൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) 'ത്രി ജി 'അംഗൻവാടികൾ ആരംഭിക്കുവാൻ ഉദ്ദേശ്യമുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) ഉണ്ട്. മാതൃകാ അംഗൻവാടികളെ ത്രി ജി അംഗൻവാടിയായി ഉയർത്തുവാൻ ഉദ്ദേശിക്കുന്നു. ടി പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിക്കുന്നതിന് തിരുവനന്തപുരം ജില്ലയിലെ വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിലെയും കാട്ടാക്കട നിയോജക മണ്ഡലത്തിലെയും മാതൃകാ അംഗൻവാടികളെ തിരഞ്ഞെടുത്ത് ത്രി ജി അംഗൻവാടികളാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ത്രി ജി അംഗൻവാടിയായി ഉയർത്തുക എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് 0-6 പ്രായക്കാരായ കുട്ടികൾ, കൗമാരക്കാരായ പെൺകുട്ടികൾ, സ്ത്രീ വയോജനങ്ങൾ എന്നിങ്ങനെയുള്ള മൂന്നു തലമുറകളുടെ സംഗമ സ്ഥാനമാക്കി മാറ്റുക എന്നതാണ്. |
| (ബി) എത്ര ത്രി ജി അംഗൻവാടികൾക്ക് ഇതിനകം അനുമതി നൽകിയിട്ടുണ്ട്; ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാണോ? | (ബി) നിലവിൽ 118 അംഗൻവാടികൾ മാതൃകാ അംഗൻവാടിയായി ഉയർത്താൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ത്രി ജി അംഗൻവാടികൾക്ക് മറ്റ് അംഗൻവാടികൾക്ക് ലഭിക്കുന്ന കേന്ദ്ര സഹായം മാത്രമാണ് ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ